# ഡിജിറ്റൽ മാഗസിൻ 2020



# ആമുഖം

കൂട്ടുകാരേ..,

അറിവിന്റെയും സർഗ്ഗവാസനകളുടെയും ഒത്തുചേരലിൽ നറുമലരുകൾ വിരിയിക്കുന്ന അക്ഷരചിത്രങ്ങൾ കോർത്തിണക്കി ഇതാ ഞങ്ങൾ സമർപ്പിക്കുന്ന നറുമലരുകൾ.......



# പത്രാധിപ സമിതി



മൊഹമ്മദ് സജ്ജദ്

കാർത്തിക ലേയാ സാബു

നന്ദു പ്രകാശ്

മുഹമ്മദ് ഫഹാൻ

അനഘ സുനിൽ

അലീന ആൻ ജോൺ

ഗോപിക സിജു



# താളുകൾ മറിക്കുമ്പോൾ


എന്റെ നാട്....-ലേഖനം

സി.എം.എസ് ഹൈസ്കൂൾ മുണ്ടക്കയം- ചരിത്രത്തിന്റെ ഏട്ടുകളിൽ

സ്കൂൾ പ്രവർത്തനങ്ങൾ

നവകേരളസൃഷ്ടി-കവിത

A JOURNEY TO MY DREAM-POEM

മുത്തച്ഛനൊരുമ്മ–കഥ

പ്രളയം...–ലേഖനം

GLOBAL WARMING–പെയിന്റിംങ്

THE POWERFUL NATURE–Article

വഴിയറിയാതെ നേരറിയാതെ–കഥ

വനനശീകരണം- ഡ്രോയിംങ്

# എന്റെ നാട്....

എന്റെ നാട് മുണ്ടക്കയത്ത്,പുഴകളും, മലകളും, റോഡുകളും, പാലങ്ങളും, ധാരാളം സ്ക്കൂളുകളും,ദേവാലയങ്ങളും,കടകളും, ദേവാലയങ്ങളും, കടകളും,നല്ല ഒരു ടൗണും, അങ്ങനെ പലതും എന്റെ നാട്ടിൽ ഉണ്ട്. പല പ്രശസ്ത-ആളുകളും വന്നുപോയ സ്ഥലം. പണ്ട് ഇവിടെ മുഴുവൻ-ഒരു വന പ്രദേശമായിരുന്നു. നാടിന്റെ വന പ്രദേശമായിരുന്നു. നാടിന്റെ വികസനങ്ങൾ വളരുന്നതിനൊപ്പം ഞങ്ങളുടെ നാടും വളർന്നുകോണ്ടിരുന്നു. എല്ലായിടത്തും തിങ്ങിനിറഞ്ഞ് -വീടുകൾ റോഡുകൾ, വണ്ടികൾ, കടകളും അങ്ങനെ,അങ്ങനെ....




ഞങ്ങളുടെ ഈ നാടിന് എങ്ങനെയാണ് 'മുണ്ടക്കയം' -എന്ന പേര് കിട്ടിയത് എന്നറിയാമോ ? .പണ്ട് ഞങ്ങളുടെ

പുഴയിൽ നിറയെ മുണ്ടി പക്ഷികളായിരുന്നു. അങ്ങനെ-
മുണ്ടിയുള്ള കയമാണ് പിൽക്കാലത്ത് 'മുണ്ടക്കയ'മായി
മാറിയത്.

ഞാൻ ജനിക്കുന്നതിന് മുമ്പ് തന്നെ എന്റെ -മുത്തശ്ശിയും,
മുത്തശ്ശനും, അച്ഛനും, ചേച്ചിയും, ഞാനും ഞാൻ
ജനിച്ചതുമെല്ലാം ഇവിടെയാണ്. ഞങ്ങളുടെ വീട്ടിൽ
നിന്നും കുറച്ച് ദൂരമേയുള്ളു. അതുകൊണ്ട് എനിക്കു
സ്ക്കൂളിൽ പോകാനും വരാനും എളുപ്പമാണ്.
ഞങ്ങൾക്ക് ഇവിടെ നല്ലൊരു പുഴയുണ്ട്. അതിന്-
തൊട്ട് മുകളിലാണ് എന്റെ വീട് ഉരുൾപൊട്ടുമ്പോൾ
ഞങ്ങളുടെ വീടിന്റെ താഴത്തെ നിലയിൽ വെള്ളംകയറും.

2018 ലെ പ്രളയത്തിനാണ് ഞങ്ങളുടെ വീട്ടിൽ-
ഏറ്റവും കൂടുതൽ വെള്ളം കയറിയത്. ഞങ്ങളുടെ പുഴയുടെ
അക്കരെ നല്ല മലകളുണ്ട്. പൂവഞ്ചിമല,
കുരിശുപളിയിരിക്കുന്ന മല, ഇതിന്റെ രണ്ടിന്റെയും -
പിറകിലായി ഒരു മലയുണ്ട് ഈ മല ഞങ്ങളുടെ വീട്ടിൽ-
നാന്നാൽ അത് കാണാൻ കഴിയില്ല.പക്ഷേ
പാർത്ഥസാരത്ഥി അമ്പലത്തിന്റെയടുക്കൽ നിന്നാൽ-
ആ മല കാണാൻ നല്ല ഭംഗിയാണ്. പൂവഞ്ചിമല
കൂട്ടിക്കലാണ് എന്നാൽ ഞങ്ങളുടെ വീട്ടിൽ നിന്ന്
നോക്കിയാൽ അത് അടുത്താണ് എന്നേ തോന്നൂ.
കുരിശുപ്പള്ളി മലയ്ക്ക് മുകളിലൊരു പള്ളിയാണ്.
ഒരു ദിവസം കുരിശുപ്പള്ളിയ്ക്കും, പൂവഞ്ചിമലയ്ക്കും-

ഇടയിലായിട്ട് സൂര്യൻ അസ്തമിക്കുന്നത് കണ്ടിട്ടുണ്ട്.
ആ മലയിലേക്ക് പോയപ്പോയി മുകൾവരെ പോയില്ല,

തിരിച്ചുവന്നപ്പോൾ ഞാൻ വെറുതെയൊന്നു നോക്കി-
എന്റെ വീട് ഞാൻ ദൂരെയായി കണ്ടു.
എങ്ങനെയുണ്ട് എന്റെ കൊച്ചുനാട്...
പക്ഷേ ഇപ്പോഴത്തെ അവസ്ഥ കഷ്ടമാണ്.വികസനം-
എന്ന പേരിൽ ചെയ്യുന്ന കാര്യങ്ങൾ കൊണ്ട് നാട്-
അടിമപ്പെട്ടു പോയിരിക്കുന്നു. പുഴ മാലിന്യങ്ങളാൽ
പെരുകി പല അപകടതഅർങ്ങളുണ്ടായി.പൂവഞ്ചിമല-
ഇടിഞ്ഞുകെണ്ടിരുന്നു, ഉരുൾരൊട്ടൽ
ഭീഷണിയുണ്ടായിഓരോ പ്രളയത്തിനും അത്
ഭീക്ഷണിയാകും

ഫിദാ ഫാത്തിമ VIII

# സി.എം.എസ് ഹൈസ്കൂൾ മുണ്ടക്കയം-


# ചരിത്രത്തിന്റെ ഏടുകളിൽ



മുണ്ടക്കയത്തിന്റെ ഹൃദയഭാഗത്ത് ആദ്യമായി സ്ഥാപിതമായ, മുണ്ടക്കയത്തെ അക്ഷരനഗരിയായി മാറ്റിയ സി.എം.എസ്.ഹൈസ്ക്കൂൾ പഴമയുടെ പ്രൗഢി ഇന്നും നിലനിർത്തുന്നു.

ഇവിടേയ്ക്ക് കടന്നുവന്ന പാശ്ചാത്യ മിഷ്നറിമാർ ക്രിസ്തുപ്രചാരണവും, വിദ്യാദ്യാസപുരോഗതിയും- ലക്ഷ്യമാക്കി പ്രവർത്തിച്ചു.1848 ൽ ഇവിടെയെത്തിയ ഹെൻഡ്രിബേക്കർ ജൂനിയർ മുണ്ടക്കയത്ത് ഒരു സ്ക്കൂൾ സ്ഥാപിക്കുന്നതിനായി തീരുമാനിക്കുകയും, 1849 ൽ അതിനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു.

ഹെൻഡ്രിബേക്കർ



അന്ന് ഘോരവനങ്ങളും വന്യജീവികളും ആദിവാസ- അരയന്മാരും മാത്രമുള്ള ഈ പ്രദേശത്തെ ഉപ്പുനീറ്റിൻകയത്തിലെ മുണ്ടികളെ കണ്ടിട്ടാണ് അവർ ഈ കയത്തിന് ' മുണ്ടിക്കയം ' എന്ന് പേരിട്ടത്. ഇതാണ് പിന്നീട് 'മുണ്ടക്കയം' ആയിമാറിയത്.



ബേക്കർ മിഷനറിയ്ക്ക് ശേഷം വന്ന **ഹെൻറി ലോറൻസ്**
ഒരുപാട് മാറ്റങ്ങൾ ഈ പ്രദേശത്ത് നടപ്പിലാക്കി.
അന്നത്തെ ഇടവകവികാരി **റവ.എ.പി.ഇട്ടിയച്ചന്റെ** നേതൃതത്തിൽ സ്ഥലം വാങ്ങി.

1920 ൽ ഇന്ന് സ്ക്കുൾ നിൽക്കുന്ന- ഭാഗത്ത് ഇംഗ്ലീഷ് മിഡീയത്തിൽ സ്ക്കുൾ ആരംഭിച്ചു.
പ്രഥമ ഹെഡ്മാസ്റ്ററായി ***ശ്രീ. സി.ജെ ചെറിയാൻ സാർ*** ചുമതലയേറ്റു.

ഈ സ്ക്കുളിലെ പൂർവ്വവിദ്യാർത്ഥികൾ പലരും ഉന്നത ഉദ്യോഗസ്ഥർ ആയി മാറി.'പ്രഥമ പ ഞ്ചായത്ത്
പ്രസിഡന്റ് ശ്രീ എം.കെ.ജോർജ്ജ്',
'മുൻ എം.എൽ.എ കെ വി കുര്യൻ', മുൻ എം.പി.
'ജോർജ്ജ് ജെ മാത്യു,'കെ എം മത്തായി' സിനിമ നടൻ ശ്രീ.തിലകൻ, തുടങ്ങിയ പല പ്രമുഖരും, ഈ സ്ക്കുളിന്റെ മക്കൾ.

ഭാരതം മുഴുവൻ സ്വാതന്ത്രസമരം കൊടുമ്പിരി കൊണ്ടിരുന്ന കാലഘട്ടം വിദ്യാർത്ഥി പ്രക്ഷോഭത്തിന്റെ ഭാഗമായി,രാഷ്ട്രപിതാവിന്റെ-ആഹ്വാനപ്രകാരം ക്ലാസ്സ് ബഹിഷ്ക്കരിച്ച് നിരാഗ്രഹം-നടത്തിയവരിൽ സി.എം.എസ് ഹൈസ്ക്കൂളിലെ വിദ്യാർത്ഥികളും പങ്കാളികളായി.

മുണ്ടക്കയം സി.എം.എസ് ഹൈസ്ക്കൂളിലെ പഠനം ജീവിതവിജയത്തിൽ
വഴിക്കാട്ടിയായിരുന്നു എന്നും,പ്രാഥമിക സ്ക്കുളിൽ

നിന്ന് കിട്ടിയ ധീരമായ പ്രചോദനം ജീവിത പടവുകൾ ഓടിക്കയറുവാൻ പ്രചോദനമായി എന്ന് അവർ ഇന്നും അനുസ്മരിക്കുന്നു, പൂർവ്വവിദ്യർത്ഥിസംഘടനയായ 'നിനവ്' വളരെ-സജീവമായി പ്രവർത്തിച്ചു വരുന്നു.

ഈ കിഴക്കൻമേഖലയിലെ-തമ്പുരാട്ടിയായ സി.എം.എസ് ഹൈസ്ക്കൂളിന് കാലത്തികവിന്റെ തിളക്കവും,മങ്ങലുകളും ഉണ്ടായിട്ടുണ്ട്.ഇന്നും അനേകം കുട്ടികൾക്ക് അറിവു- നൽകുന്ന ഈ സ്ഥാപനം അതിന്റെ സുവർണ്ണശതകത്തിലേക്ക് പ്രവേശിക്കുകയാണ്.....

അനഘ സുനിൽ IX.C

# സ്കൂൾ പ്രവർത്തനങ്ങൾ

## പ്രവേശനോത്സവം








ലഹരിവിരുദ്ധ ദിനം

ഹരിതക്ലബ്

യോഗ





ബാലജനസഖ്യം




ഓണം



മിഴിവ്എക്സിബിഷൻ




കലോത്സവം





കായിക മേള





പ്രതിഭകളെ ആദരിക്കൽ

# നവകേരളസൃഷ്ടി

നവകേരളസൃഷ്ടി  തൻ കാത്തിരിപ്പിൻ
നാൾകൾ അടുത്തിരുപ്പൂ
പുതു ചിന്തകളൊഴുക്കൂ മനസ്സിൽ
പുതു സൃഷ്ടികൾ ഉണർത്തൂ മനസ്സിൽ
മാറൂ കേരളമേ നീ നവകേരളമായി
പുതു കേരളം ഒരുക്കൂ ജനങ്ങളേ

ദൈവത്തിൻ സ്വന്തമാം കേരളമേ
നീ ഇപ്പോൾ ആരുടെ പിടിയിൽ?
കേരളമൊരു സുന്ദരി അതിൽ നൽ
ശുചിത്വകേന്ദ്രമാണലോ?
എന്നാണലോ എൻ നാട്ടുമൊഴികൾ
ഗ്രഹിപ്പിൻ മാനുഷന്മാരേ
നിങ്ങളിൽ ഒഴുകിടും നൽ
ആശയചിന്തകൾ എങ്ങുമാഞ്ഞ്ഞുപോയി
എന്നാൽ ഒന്നോർക്കുക നിഹങ്ങൾ
മറക്കരുത് ഒരിക്കലും ഈ നൽ
പച്ചപ്പും നൽ മൂല്യങ്ങളും .......
കോർക്കുക വിങ്ങൾ തൻ കരങ്ങൾ
മനസ്സിരുത്തി ആലോചിക്കൂ...
നിങ്ങൾ നൽ മനസ്സുകൾ

## നറുമലരുകൾ

കേൾക്കുക മനുഷ്യരേ...
കോർത്തുപിടിക്ക നിങ്ങൾ കരങ്ങൾ
ഒരുമിക്കാം നമ്മുക്ക് ഒന്നിക്കാം
നമ്മുക്ക് പടുത്തുയർത്താം നമ്മുടെ
നവകേരളത്തേ...

നമ്മുക്ക് കാണാം പുതു സ്വപ്നങ്ങൾ
എൻ നവകേരളത്തിൽ
നവകേരള സൃഷ്ടികളിൽ
ഉപേക്ഷിക്കാതിരിൻ അവരവരുടെ
ജീവിതത്തിൽ മൂല്യങ്ങൾ
ഒത്തൊരുമയാണെങ്കിൽ നമ്മുക്ക്
നവകേരളത്തെ വാർത്തെടുക്കാം
പുതുകേരളം ഒരുക്കു മാനുഷരേ....
തിന്മയിൽ നിന്ന് മാറ്റിയെടുക്കാം
അതിൽ നിന്ന് ഒരു മോചനം നേടൂ....
നന്മയുടെ മാനുഷ്യാരം നൽ
ആശചിന്തകളുള്ള മാനുഷരായി മാറിട്ടൂ....
തിന്മയേ പുറത്തേക്ക് തള്ളി
നന്മയേ മനസ്സിനുള്ളിലേക്കു കൊണ്ടുവരൂ
ഒരുമിക്കാം നമ്മുക്ക്
ഒന്നിച്ച് കരങ്ങൾ ചേർക്കാം
നമ്മുക്ക് വാർത്തെടുക്കാം നവകേരളത്തെ..

-- ജോസ്നാ മരിയ IX.A

## A JOURNEY TO MY DREAM..

***Like*** *a new drizzle,*
*Fluttering the wings near.*
*The windows comes hooting ,*
*Like a mellowing cool breeze.*

*Memmories comes,*
*wetting my eyes.*
*The rays of the day light,*
*comes to announce -*
*The coming of my dream.*
*My dreams be come,*
*The path through my aim.*
*My dream makes me*
*more confident.*

*When I watching dream,*
*it soothe my frayed heart.*
*Marvelling at this wonderful*
*gift of my dream.*

*By*

***Alina Ann VIII.A***



RINO REJI JOHN IX.A

# കഥ:മുത്തച്ഛനൊരുമ്മ

മലകളുടെ ചെരുവിൽ സൂര്യൻ

എത്തിനോക്കാൻ ശ്രമിക്കുന്നു. കിളികളുടെ
കളകളരാകങ്ങൾ പ്രത്യേക താളസ്വരത്തിൽ പ്ര
വഹിക്കുന്നു. ആ മധുരമായ ഗാനത്തിനെ വെട്ടിച്ച് ഒരു
വിളികേൾക്കുന്നു "അപ്പു....എഴുന്നേൽക്കു....
സ്കൂളിൽ പോവണ്ടേ?" അധികം തിമസിക്കാതെ
അതിനുള്ള മറുപടി ഒരു വിളറിയ ശബ്ദത്തിൽ വരുന്നു.
നിക്ക് മുത്തച്ഛാ..... ഒരഞ്ചു മിനിറ്റുകൂടി ഉറങ്ങട്ടെ.
അപ്പുവിനെ സ്കൂളിൽ പോവാൻ മുത്തച്ഛൻ വിളിക്കുന്ന
ബഹളമാണ് അത് . അപ്പു അഞ്ചാം ക്ലാസ്സിൽ
പഠിക്കുന്നു. അവന്ടെ അച്ഛനും അമ്മയും അടുത്തുള്ള ഒരു
കമ്പനിയിലാണ് ജോലി ചെയ്യുന്നത്.
രാവിലെ പോവും പിന്നെ അവന്ടെ മുത്തച്ഛനാണ്
അവനെ ഒരുക്കുന്നതും സ്കൂളിലേക്കയക്കുന്നതും. എന്നാൽ
മുത്തച്ഛനെ അപ്പു അധികം

വകവയ്ക്കാറൊന്നുമില്ലായിരുന്നു. മുത്തച്ഛൻ പറയുന്നതൊക്കെ അനുസരിക്കുന്നത് വളരെ ചുരുക്കമാണ് .അതിൽ മുത്തച്ഛന് വലിയ വിഷമവും ഉണ്ട് അങ്ങനെ ഒരു ദിവസം അപ്പു പതിവുപോലെ സ്കൂളിൽ പോയി എന്നാൽ തിരികെ എത്തിയത് വളരെ താമസ്സിച്ചാണ് .മുത്തച്ഛൻ അവൻ വരുന്നതും കാത്തിരുന്നു. വളരെ താമസ്സിച്ചാണെങ്കിലും അപ്പു വീട്ടിലെത്തി. മുത്തച്ഛൻ ചോദിച്ചു .അപ്പു നീ എന്താ താമസ്സിച്ചത് ? മറുപടി പറയാൻ താൽപര്യം ഇല്ലാ എങ്കിലും പറയണ്ടേ എന്ന് വിചാരിച്ച് അവൻ പറഞ്ഞു. ഓ.... ഞാനും കൂട്ടുക്കാരും ഒരു ഷെയ്ക്ക് കുടിക്കാൻ പോയി. മോനെ പരിചയമില്ലാത്ത കടയിലൊന്നും കയറി ഭക്ഷണം കഴിക്കരുത്. അതും ഒറ്റയ്ക്ക് . കഴിഞ്ഞ ദിവസം കൂടി വാർത്തയിൽ പറയുന്നത് കേട്ടതാ ഏതോ ഒരു കടയിൽ ഭക്ഷണത്തിൽ മക്കമരുന്ന് കലർത്തി എന്നിട്ട് ശരീരാവയവങ്ങൾ വിൽക്കാൻ ശ്റമിച്ചുവെന്ന് . മുത്തച്ഛൻ പറഞ്ഞു എന്നാൽ അത് ഒരു ചെവിയിൽകൂടി കേട്ട് മറുചെവിയിലൂടെ ഇറക്കിവിട്ടപോലവെ അപ്പു തിരിഞ്ഞുനടന്നു. മുത്തച്ഛൻ തന്ടെ കൊച്ചുമകനെ ഓർത്ത് ഒരുപാട് പരിഭ്റാന്തി ഉണ്ട് . അച്ഛനും അമ്മയും

പണമുണ്ടാക്കുന്ന തിരക്കിൽ മകനെപ്പറ്റി ഓർക്കുന്നതുപോലും ഇല്ല . എന്നാൽ എനിക്ക് അവനെ ഓർക്കാതിരിക്കാൻ പറ്റുമോ? മുത്തച്ഛൻ മനസ്സിൽ വേദനയോടെ ഓർത്തു. എന്നാൽ  ആ സമയം മുത്തച്ഛനെന്താ ഇങ്ങനെ എന്നായിരുന്നു അപ്പു ചിന്തിച്ചത്. മുത്തച്ഛൻ പറയുന്ന ഒരു കാര്യം പോലും അപ്പു വകവയ്ക്കാറില്ലായിരുന്നു. അങ്ങനിരിക്കെ ഒരു ദിവസം പതിവുപോലെ അപ്പു സ്കൂളിലേക്ക്  പോയി. തിരിച്ചു വരുന്നത് കാത്ത് മുത്തച്ഛൻ വഴിയിലേക്ക് കണ്ണും നട്ട് നോക്കിയിരുന്നു. എന്നാൽ അന്നത്തെ ദിവസത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. അന്നായിരുന്നു അപ്പുവിന്റെ പിറന്നാൾ. അന്ന് അവനറിയാതെ അവന് ഒരു സർപ്രയ്സ് കൊടുക്കാൻ തീരുമാനിച്ചു. അവന്റെ അച്ഛൻ അവന്റെ സ്കൂളിന്റെ അടുത്തുള്ള ഒരു ബേക്കറിയിൽ കേക്കിനുള്ള ഓർഡർ കൊടുത്തിരുന്നു. അന്ന് സന്ധ്യയായിട്ടും അവൻ വീട്ടിൽ എത്തിയില്ല. മുത്തച്ഛന് ആതിയായി. മുത്തച്ഛൻ വഴിയിലേക്ക്  കണ്ണും നട്ട് കൊച്ചുമകൻ വരുന്നത് നോക്കിയിരുന്നു. എന്നാൽ അന്നു അപ്പുവും കൂട്ടുകാരും ബേക്കറിയിൽ ഷെയ്ക്ക്

കുടിക്കാൻ പോയിരുന്നു. എന്നാൽ അന്നു മുത്തച്ഛൻ പറ
ഞ്ഞുപോലെ
ഷെയ്ക്കിനുള്ളിൽ മയക്കമരുന്നു കലർത്തിയിരുന്നു. അപ്പു
ഷെയിക്ക് കുടിച്ചതും അപ്പു പതിയെ സ്വബോധത്തിൽ
നിന്നും മയക്കത്തിലേക്ക് വഴുതിവീണു. അവിടെ
എന്താണ് നടക്കുന്നത് അവനറിയില്ല. ഒരുപക്ഷ യാദൃ
ശ്ചികമായി അപ്പുവിന്റെ അച്ഛൻ ആ ബേക്കറിയിലാണ്
കേക്ക് ഓർഡർ ചെയ്തത്. ഓർഡർ ചെയ്ത കേക്ക്
വാങ്ങനായി ബേക്കറിയിൽ യാദൃശികമായി അവന്റെ
അച്ഛൻ അവിടെക്കയറി ചെന്നു. തന്റെ മകനെ പോലെ
ഒരു ബാലൻ ബെഞ്ചിൽ കിടക്കുന്നതു അദ്ദേഹത്തിന്റെ
ശ്രദ്ധയിൽ പെട്ടു . അദ്ദേഹം ബേക്കറിയിലെ
ക്യാബിനിലേക്ക് കയറി ചെന്നു. നോക്കുമ്പോൾ തന്റെ
മകൻ അതാ അവിടെ കിടക്കുന്നതു കണ്ടു . അദ്ദേഹം
അപ്പുവിനെ ഹോസ്പ്പിറ്റലിൽ കൊണ്ടുപോയി. എന്നാൽ
മുത്തച്ഛൻ ഈ സമയം അപ്പുവിനെ തപ്പി
നടക്കുകയായിരുന്നു. പിന്നെ ഹോസ്പ്പിറ്റലിൽ അപ്പുവിനു
ബോധം വന്നപ്പോൾ മുത്തച്ഛനെ വിളിച്ച പറഞ്ഞു.
ഒടിചെന്നു കയറി. മുത്തച്ഛനെ അപ്പു വാരി പുണർന്ന്
രണ്ടുപേരും ഒന്നും മിണ്ടാതെ നിന്നു.

അൽപസമയത്തിനകം നിശംബ്ദത തകർന്നു അപ്പുവിന്റെ ശംബ്ദം. മുത്തച്ഛാ എന്നോട് ക്ഷമിക്കണം. ഞാൻ കരുതിയില്ല മുത്തച്ഛന് എന്നോടുള്ള സ്നേഹം കൊണ്ടാണ് ഉപദേഷിച്ചതെന്ന് അരിയില്ലായിരുന്നു. സാരമില്ല കുട്ടി നിന്റെ  അറിവില്ലായ്മ കാരണമലെ സാരമില്ല. അങ്ങനെ അവർത്തമിലടുത്തു. അങ്ങനെ അപ്പുവിന്റെ പിറന്നാൾ വീട്ടിലെത്തിയതിനുശേഷ്വം സന്തോഷത്താൽ ആഘോഷിച്ചു. അവന്റെ ജീവിതത്തിൽ ഇതുപോലൊരു പിറന്നാൾ ഇതാദ്യമായാണ് എന്ന് അപ്പു അന്നത്തെ തന്റെ ഡയറിയിൽ കുറിച്ചു.

***********************

# പ്രളയം...

പ്രളയം ഇപ്പോൾ മനുഷ്യരുടെ മനസ്സിൽ ഒരു പേടിസ്പ്നമാണ് കഴിഞ്ഞ പ്രളയത്തിൽ

ആയിരങ്ങളുടെ ജീവിൻ അപകടത്തിലായി മരണപ്പെട്ടു. കൊച്ചുകുട്ടികൾ മുതൽ പ്രായമായവർ വരെ മരിക്കുന്നു. ഒരു ദയയുമില്ലാതെ പ്രകൃതിയുണ്ടാക്കിയ തീരാനഷ്ടങ്ങൾ എണ്ണാൻ പറ്റാത്തതാണ്. വീടുകളും, വീട്ടുപകരണങ്ങളും എന്തിന് ജീവൻ വരെ
ഉരുൾപൊട്ടലിലൂടെ ഒലിച്ചുപോയി.



ദുരിതാശ്വാസക്യാമ്പിൽ -
ജാതി,മത,വർഗ്ഗ വേർതിരിവില്ലാതെ സ്വന്തം
കൂടെപ്പിറപ്പുകളെ പോലെ കഴിഞ്ഞു കൂടി.
രണ്ടുദിവസം മുമ്പ് കണ്ടുമുട്ടിയവർ-
സ്വന്തക്കാരെ പോലെ ജീവിച്ചു. പ്രകൃതി-
ഇഞ്ചിഞ്ചായി
നശിച്ചുകൊണ്ടിരുന്നു,ജനങ്ങൾ-
കൈകോർത്ത് ആ മഴവെള്ള പാച്ചിലിൽ
ഇറങ്ങി-
മനുഷ്യരെ രക്ഷിക്കാൻ തയ്യാറായി.
പോലീസും,
രക്ഷാപ്രവർത്തകരുടെയും സഹായത്തോടെ-
മരണസംഖ്യ കുറയ്ക്കാൻ സാധിച്ചു.
പ്രകൃതിയിലുണ്ടായ നാശനഷ്ടങ്ങൾ വളരെ-
വലുതാണ്. ചിലർക്ക് വീട് വെള്ളത്തിലൂടെ-
ഒലിച്ചുപോയി. ഇത്രയും നാശനഷ്ടങ്ങൾ
പ്രകൃതിയിലുണ്ടായിട്ടും ഒരു നവകേരളം
പുനർജനിച്ചു. ഇപ്പോഴത്തെ കേരളം
നിലകൊള്ളുന്നത് ദൈവാനുഗ്രഹം
കൊണ്ടാണ്. ഇനിയൊരു പ്രളയം വരുതേ
എന്ന് ദൈവത്തോട് പ്രാർത്ഥിക്കാം....

വൈക. R.

## GLOBAL WARMING



# THE POWERFUL NATURE

***Nature is an important and integrate part of mankind. It is one of the greatest blessings for human life; however, nowadays human fail to recognize it as one. Nature has been an inspiration for numerous poets, writers, artists and more of yesteryear. They truly valued nature which reflects in their works even today. It is rich and vibrate and consists of both living and non-living things. Therefore, people of the modern age should also learn something from people of yesteryear and start valuing nature before it gets too late.***

***Survival of mankind without nature is impossible and***

***humans need to understand that. If the nature has the ability to protect us, it is also very powerful enough to destroy the entire mankind. Absence of one element is enough to cause a catastrophe in the functioning of human life. We stop the selfish activities and try our best to preserve the natural resources so life can forever be nourished on earth.***

*************

## വഴിയറിയാതെ നേരറിയാതെ...

ഒരു വേനൽക്കാലം . ദാരിദ്രവും പട്ടിണി കൊണ്ടും രാമുവിന്റെ കുടുംബം തകർന്നുകൊണ്ടിരിക്കുന്നു . ആദ്യം രാമു ആരെന്ന് പറയാം അവൻ ഒരു - കൗമാരക്കാരനാണ് . തടിപ്പണിക്കുപോയി തടി - വീണ് അവന്റെ അച്ഛൻ മരിച്ചു . പിന്നീട്

അവന്റെ അമ്മയെയും രണ്ട് അനിയത്തിമാരെയും നോക്കേണ്ട ചുമതല അവന്റെ തോളിലായി സ്കൂളിൽ പോയി വൈകുന്നേരം വന്ന് കഴിഞ്ഞ് രാത്രി തട്ടുകടയിൽ നിൽക്കുകയും അവധിദിവസങ്ങളിൽ പല കടകളിൽ ജോലി ചെയ്തുമാണ് അവൻ കുടുംബം നോക്കിയിരുന്നത്

അങ്ങനെയിരിക്കെ വേനലും ക്ഷാമവും വന്നു. കടകളിലെ ജോലി നിന്നു . ദാരിദ്രം കൊണ്ട് പൊറുതിമുട്ടിയ അവൻ ബേക്കറി-

-യിൽ നിന്നു ഭക്ഷ്യസാധനങ്ങൾ മോഷ്ടിച്ചു .

ഈ മോഷണത്തിനു പിന്നിൽ ഒരു കഥയുണ്ട്. രാമുവിന് ഒരു കൂട്ടുകാരനുണ്ടായിരുന്നു . അവൻ മയക്കുമരുന്നിനും , ലഹരിക്കും അടിമയാണ്.

ദാരിദ്രം കൊണ്ട് പൊറുതിമുട്ടിയ രാമു അവന്റെ കഥ

കൂട്ടുകാരനോട് പറഞ്ഞു അവൻ രാമുവിന് ലഹരി നൽകി. കൗമാര കാലഘട്ടത്തിലാണല്ലാ പല – കുട്ടികൾക്കും ഇതുപോലെ അബദ്ധങ്ങളും തെറ്റുകളും പറ്റുന്നത്. അതുപോലെ രാമുവിന്റെ– ജീവിതത്തിലും അത് സംഭവിച്ചു

ലഹരി മൂത്ത രാമു കൂട്ടുകാരന്റെ – വാക്കു കേട്ട് മോഷണത്തിന് വിധേയനാകുന്നു നേർവഴി മനസ്സിലാക്കാതെ അവൻ ഇതു പോലെ പല തിന്മയുടെ പടുകുഴിയിലും വീണു. – ഇതിന്റെയൊക്കെ ഫലമായി അവൻ പല തവണ ജയിൽ ശിക്ഷ അനുഭവിച്ചു. അതുകൂടാതെ അവനെ കള്ളനെന്നു മുദ്ര കുത്തി . അവന് നേർവഴി പറഞ്ഞുകൊടുക്കാനും നന്മയേത്, തിന്മയേത് എന്ന് മനസ്സിലാക്കി കൊടുക്കാനും അവന്റെ അമ്മ പോലും തയ്യാറായില്ല അവനെ അമ്മ ഉപേക്ഷിച്ചു

ഒരു നല്ല   കൂട്ടുകാരൻ നമുക്കുണ്ടെങ്കിൽ ഒരു തിന്മയിലും നാം ചെന്നു ചാടില്ല. എന്നാൽ രാമുവിന്റെ ജീവിതത്തിൽ അങ്ങനെ ഒരു – കൂട്ടുകാരൻ   കടന്നുവന്നില്ല

അട്ടയെ പിടിച്ച്  മെത്തയിൽ കിടത്തിയാൽ കിടക്കില്ല എന്നപോലെ തന്റെ അവസ്ഥയെല്ലാം –
അറിഞ്ഞിട്ടും പല മോഷണങ്ങൾ നടത്തിയത് കൊണ്ട്  തന്നെ കള്ളനെന്ന് മുദ്രകുത്തിയിട്ടും തന്റെ തെറ്റുകൾ തിരുത്താൻ തയ്യാറായില്ല

ദിവസങ്ങൾക്ക് ശേഷം അവൻ ഒരു വീട്ടിൽ നിന്ന് പട്ടാപ്പകൽ സ്വർണ്ണം മോഷടിച്ചു നാട്ടുകാർ കൂടി നടുറോഡിൽ അവനെ തല്ലാൻ തുടങ്ങി. ഇതെല്ലാം കണ്ടുനിന്ന ഒരു ആൺക്കുട്ടി അവരെ വിലക്കി. ദയ തോന്നിയ അവൻ രാമുവിനെ സ്വന്തം വീട്ടിലേക്ക് കൊണ്ടുപോയി അവനും അവന്റെ അമ്മയുമാണ് ആ വീട്ടിലുണ്ടായിരുന്നത്.

അത്യാവശ്യത്തിന് സാമ്പകവും സ്വത്തും അവിടെയുണ്ടായിരുന്നു. അവൻ രാമുവിനെ സ്വന്തം അനുജനായും അമ്മ അവനെ സ്വന്തം മകനായും കണ്ടു. അവൻ വീട്ടിൽ രാമുവിന് അഭയം നൽകി. അടികൊണ്ട് മുറിഞ്ഞ രാമുവിനെ ശുശ്രൂശിച്ച ഭേദമാക്കി.

പക്ഷികൾ ചേക്കേറി, രാത്രി ഉറങ്ങാൻ കിടന്ന രാമുവിന് അവർ ഒരു മുറി നൽകി. അടിച്ചുവിട്ട - പന്തുപോലെ സമയം പെട്ടെന്ന് നീങ്ങി - പാതിരാത്രിയായി. എല്ലാവരും ഉറങ്ങിയപ്പോൾ രാമുവിലെ ദുഷ്ടകഥാപാത്രം ഉണർന്നു. എങ്ങും നിശബ്ദത , എല്ലാവരും ഉറങ്ങിയെന്ന് മനസ്സിലായ അവൻ പതിയെ നടന്ന് അമ്മ ഉറങ്ങുന്ന വാതിൽ

തുറന്ന അവൻ സ്വർണ്ണവും, പണവും മോഷ്ടിച്ചു കടന്നു കളഞ്ഞു. രാമു ഇങ്ങനെ ചെയ്യുമെന്ന് അഭയം
കൊടുത്ത ആ ആൺക്കുട്ടിയ്ക്കും, അമ്മയ്ക്കും ഉറപ്പുണ്ടായിരുന്നു അതുകൊണ്ട് അമ്മ അലമാരിയിൽ പാതി സ്വർണ്ണവും, പണവും മാത്രമാണ് വെച്ചത് ഇത് മകനുമറിയാമായിരുന്നു.

രാവിലെ മുറ്റത്ത് ആൾക്കൂട്ടത്തിന്റെ ശബ്ദം കേട്ടാണ് അവർ ഉണർന്നത് വാതിൽ തുറന്നപ്പോൾ രാമുവിനെ വിലങ്ങു വച്ചിരിക്കുന്ന –പോലീസിനെയാണ് അവർ കണ്ടത്. ഇങ്ങനെയൊരു രംഗം പ്രതീക്ഷിച്ചാണ് അവർ – എഴുന്നേറ്റത് . “ഇവനെയെന്തിനാണ് നിങ്ങൾ രാത്രി അഭയം നൽകിയത് ഇന്നലെ ഇവിടെ നിന്നും ഇവൻ  മോഷ്ടിച്ച സ്വർണ്ണവും പണവുമാണിത് . സ്വന്തം വീട്ടിൽ നിന്ന് പോലും മോഷ്ടിക്കാൻ മടിക്കാത്തവനാണിവൻ " എന്ന്

പോലീസ് പറഞ്ഞു. “ഇവൻ മോഷ്ടിച്ചതാണെന്ന്-
ആര് പറഞ്ഞു ഇത് ഞങ്ങൾ ഇവന് -
കൊടുത്തതാണ് " എന്ന് മകൻ പറഞ്ഞു. “ ഒരു
തെറ്റും ചെയ്യാത്ത ഇവനെ വെറുതെ വിടണം
".എന്ന് അമ്മ തീർത്തു പറഞ്ഞു. ഇത് വിശ്വസിച്ച
പോലീസ് രാമുവിനെ വെറുതെ വിട്ടു. ഇതെല്ലാം
അനുഭവിച്ച നിന്ന രാമു സ്തംഭിച്ച നിന്നു . ആളുകൾ
പിരിഞ്ഞുപോയി . രാമു അവരോട് ക്ഷമ ചോദിച്ചു.

“അത് സാരമില്ല നിനക്ക് തെറ്റ് പറഞ്ഞ് തരാനും
-
നന്മയേതെന്ന് കാണിച്ചു തരാനും കൂട്ടുകാരനില്ല
എന്ന് അറിയാം അതുകൊണ്ടാണ് ഇത്രയും നാൾ-
നീ വഴിയറിയാതെ യാത്ര ചെയ്തത് ".മകൻ
പറഞ്ഞു.

“നമ്മളുടെ സമൂഹത്തിൽ തെറ്റുകളിൽ ചെന്ന്

ചാടുന്നവരുണ്ടാവും, അവരെ ശിക്ഷിക്കുകയോ,
ശകാരിക്കുകയോ അല്ല മറിച്ച് അവരെ
നേർവഴിയിലൂടെ നടത്തുകയാണ് ചെയ്യേണ്ടത് ".

ഇതിനു ശേഷം രാമു തന്റെ ദുസ്വഭാവങ്ങൾ ഉപേക്ഷിച്ചു
ആ കുടുംബത്തോടൊപ്പം സുഖമായി ജീവിച്ചു.



## വനനശീകരണം